എ2 - 3811/16

# പിറവം നഗരസഭ

## കെട്ടിടനികുതി പുനർ നിർണ്ണയം

## അന്തിമ വിജ്ഞാപനം

1994 ലെ കേരളമുനിസിപ്പാലിറ്റി ആക്ട് 233-ാം വകുപ്പും 2011 ജനുവരി 14-ാം തീയതി സ.ഉ. (അ) നമ്പർ 18/2011 തസ്വഭവ. ഉത്തരവ് പ്രകാരം പുറപ്പെടുവിച്ച 2011 ലെ കേരളമുനിസിപ്പാലിറ്റി (വസ്തു നികുതിയും സേവന ഉപനികുതിയും സർച്ചാർജ്ജും) ചട്ടങ്ങളും തൽസംബന്ധമായി 14-01-2011 ൽ സ.ഉ.(അ) നമ്പർ 17/2011 തസ്വഭവ. നമ്പരായി കേരള സർക്കാർ തദ്ദേശ സ്വയംഭരണ (ആർ.ഡി.) വകുപ്പ് പുറപ്പെടുവിച്ച വിജ്ഞാപനത്തിന്റെയും അടിസ്ഥാനത്തിൽ പിറവം മുനിസിപ്പാലിറ്റി 03-03-2016 ലെ 2-ാം നമ്പർ തീരുമാന പ്രകാരം ഉപയോഗ ക്രമത്തിനനുസരിച്ച് പിറവം മുനിസിപ്പിലിറ്റിയിലെ ഓരോ ഇനം കെട്ടിടത്തിനും അതിന്റെ ഉപവിഭാഗങ്ങൾക്കും ഒരു ച.മീ. തറവിസ്തീർണ്ണത്തിന് ബാധകമായ അടിസ്ഥാന വസ്തു നികുതി നിരക്കുകൾ താഴെ പട്ടികയിൽ അതതിന് നേരേ കാണിച്ചിട്ടുള്ള പ്രകാരം ആയിരിക്കുമെന്നും പ്രസ്തുത നിരക്കുകൾ പുതിയ നികുതിദായകർക്ക് ഉടനെയും നിലവിലുള്ള നികുതിദായകർക്ക് 2016 ഏപ്രിൽ 1 മുതലും പ്രാബല്ല്യത്തിൽ വരുന്നതാണെന്നും തീരുമാനിച്ച് അന്തിമ വിജ്ഞാപനം ഇതിനാൽ പുറപ്പെടുവിക്കുന്നു.

### പട്ടിക

| ക്രമ നമ്പർ | കെട്ടിടങ്ങളുടെയും ഉപവിഭാഗങ്ങളുടെയും വിവരണം | അടിസ്ഥാന വസ്തു നികുതി നിരക്ക് |
|---|---|---|
| 1. | പാർപ്പിട ആവശ്യത്തിനുള്ളവ | 7 രൂപ |
| 2. | വാണിജ്യ ആവശ്യത്തിനുള്ളവ | |
| | 1) 100 ച.മീ. വരെ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ | 60 രൂപ |
| | 2) 100 ച.മീ. ന് മുകളിൽ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ | 90 രൂപ |
| | 3) 200 ച.മീ.വരെ തറവിസ്തീർണ്ണമുള്ള സൂപ്പർ മാർക്കറ്റുകൾ, ഷോപ്പിംഗ് മാളുകൾ | 70 രൂപ |
| | 4) 200 ച.മീ. ന് മുകളിൽ തറവിസ്തീർണ്ണമുള്ള സൂപ്പർ മാർക്കറ്റുകൾ, ഷോപ്പിംഗ് മാളുകൾ | 140 രൂപ |
| | 5) ബങ്കുകൾ,പെട്ടികടകൾ,കമ്പ്യൂട്ടർ സെന്ററുകൾ,ഫ്യൂവൽ സ്റ്റേഷൻ | 70 രൂപ |
| 3. | ആഫീസ് ഉപയോഗത്തിനുള്ളവ (വ്യവസായശാലകളോട് അനുബന്ധിച്ചുള്ള ആഫീസ് കെട്ടിടങ്ങൾ ഉൾപ്പെടെ | 60 രൂപ |
| 4. | വിദ്യാഭ്യാസ ആവശ്യത്തിന് ഉള്ളവ | 10 രൂപ |
| 5. | ആശുപത്രികൾ | 15 രൂപ |
| 6. | അസംബ്ലി കെട്ടിടം, കൺവെൻഷൻ സെന്റർ, ആഡിറ്റോറിയം, സിനിമ തീയേറ്റർ, കല്യാണ മണ്ഡപം, ലോഡ്ജ് | 50 രൂപ |
| 7. | വ്യവസായ ആവശ്യത്തിനുള്ളവ | |
| | 1) കൈത്തറി ഷെഡ്, കയർപിരി ഷെഡ്, കശുവണ്ടി ഫാക്ടറി ഷെഡ്, മത്സ്യസംസ്കരണ ഷെഡ്, കോഴി വളർത്തൽ ഷെഡ്, ലൈവ് സ്റ്റോക്ക് ഷെഡ്, കരകൗശല നിർമ്മാണ ഷെഡ്, പട്ടുനൂൽ ഷെഡ്, സ്റ്റോറേജ് ഷെഡ്, പീലിംഗ് ഷെഡ്, കൈത്തൊഴിൽ ഷെഡ്, ഇഷ്ടിക ചൂള, തടിമിൽ | 25 രൂപ |
| | 2) ഇതരവ്യവസായ ആവശ്യങ്ങൾക്കുള്ളവ | 70 രൂപ |
| 8. | റിസോർട്ടുകൾ | 90 രൂപ |
| 9. | അമ്യൂസ്മെന്റ് പാർക്ക് | 50 രൂപ |
| 10. | മൊബൈൽ ടെലിഫോൺ ടവർ | 500 രൂപ |

Scanned by TapScanner

മേൽപ്രസ്താവിച്ചവയ്ക്ക് പുറമേ 2011 ജനുവരി 14 ലെ സ.ഉ. (അ) നമ്പർ 18/2011 തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം കേരള സർക്കാർ പുറപ്പെടുവിച്ച 2011 ലെ കേരള മുനിസിപ്പാലിറ്റി (വസ്തു നികുതിയും സേവന ഉപനികുതിയും സർച്ചാർജ്ജും) ചട്ടങ്ങൾ. ചട്ടം 27 അനുസരിച്ച് താഴെ പട്ടികയിൽ വിവരിക്കുന്ന പ്രകാരം അവയ്ക്ക് നേരെ കാണിച്ചിട്ടുള്ള വാർഡുകളിൽ സേവന ഉപനികുതി ചുമത്തുന്നതിനുള്ള അന്തിമ വിജ്ഞാപനം ഇതിനാൽ പുറപ്പെടുവിക്കുന്നു.

| ഇനം | ബാധകമായ വാർഡുകൾ | സേവന ഉപനികുതി നികുതി നിരക്കുകൾ |
|---|---|---|
| 1) ശുചിത്വ പരിപാലനം | 6,7,8,9,25 | വസ്തുനികുതിയുടെ 4% |
| 2) ജലവിതരണം | എല്ലാ വാർഡുകളിലും | വസ്തുനികുതിയുടെ 3% |
| 3) തെരുവ് വിളക്കുകൾ | എല്ലാ വാർഡുകളിലും | വസ്തുനികുതിയുടെ 2% |
| 4) ഡ്രെയിനേജ് | 6,7,8,9,25 | വസ്തുനികുതിയുടെ 1% |

മേൽ ചട്ടങ്ങളിലെ ചട്ടം 30 പ്രകാരം കേന്ദ്ര സർക്കാരിന്റെ ഉടമസ്ഥതയിലുള്ളതും ഭരണഘടനയുടെ 285-ാം അനുഛേദം അനുസരിച്ച് വസ്തു നികുതിയിൽ നിന്നും ഒഴിവാക്കപ്പെട്ടിട്ടുള്ള കെട്ടിടങ്ങളുടെ കാര്യത്തിൽ, മുനിസിപ്പാലിറ്റിക്ക്, ശുചിത്വ പരിപാലനം ജലവിതരണം തെരുവ് വിളക്കുകൾ ഡ്രെയിനേജ് എന്നീ സേവനങ്ങൾക്കായി സർക്കാർ ഇതിലേക്കായി നിർദ്ദേശിക്കുന്ന മാർഗനിർദ്ദേശങ്ങൾക്കനുസൃതമായി സർവ്വീസ്ചാർജ് ഈടാക്കുന്നതിനുമുള്ള അന്തിമ വിജ്ഞാപനം ഇതിനാൽ പുറപ്പെടുവിക്കുന്നു.

പിറവം നഗരസഭാകാര്യാലയം
തീയതി - 15-07-2016

(ഒപ്പ്)
സെക്രട്ടറി



Scanned by TapScanner